പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.* 573

28.10.2016 ലെ മറുപടിയ്ക്ക്

# കാർഷിക മേഖലയിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.ഡി.കെ. മുരളി<br>ശ്രീ.സി. കെ. ശശീന്ദ്രൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) മുൻസർക്കാർ കാർഷികമേഖലയെ തീർത്തും അവഗണിച്ചതായും അതുമൂലം കാർഷിക മേഖലയിൽ നെഗറ്റീവ് വളർച്ചാനിരക്ക് ഉണ്ടായതായും കരുതുന്നുണ്ടോ; എങ്കിൽ അതിന്റെ ഫലമായുണ്ടായ കർഷക ആത്മഹത്യകൾ ഇല്ലാതാക്കാൻ വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സംസ്ഥാന ആസൂത്രണ ബോർഡിന്റെ 2015 - ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം കേരളത്തിലെ കാർഷികമേഖലയിലെ വളർച്ച നിരക്ക് സ്ഥിര വിലസൂചിക പ്രകാരം നെഗറ്റീവ് ആണ്. കർഷകരുടെ ഉന്നമനത്തിനായും കർഷക ആത്മഹത്യകൾ ഇല്ലാതാക്കുന്നതിനുമായി റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലതകർച്ച നേരിടാൻ സ്പെഷ്യൽ പാക്കേജ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ നടപ്പിലാക്കും. നെല്ലിന്റെയും റബ്ബറിന്റേയും നാളികേരത്തിന്റെയും താങ്ങുവില യഥാസമയം വിതരണം ചെയ്യുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കും. ചെറുകിട നാമമാത്ര കർഷകർക്ക് പലിശ രഹിത വായ്പകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കും. കാർഷിക ലോണുകൾ സമയബന്ധിതമായി കൊടുത്തു തീർക്കും. നെൽകൃഷിക്കുള്ള സംസ്ഥാന വിള ഇൻഷ്വറൻസ് നഷ്ടപരിഹാര തുക വർദ്ധിപ്പിക്കും. കൂടാതെ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് എല്ലാ വിളകൾക്കും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കർഷകർക്ക് സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ 3 ലക്ഷം രൂപ വരെ പലിശ രഹിത വായ്പ നൽകുന്ന വിവരവും പരിശോധിച്ച് വരികയാണ്. കൂടാതെ വയനാട് ജില്ലയിൽ കാർഷിക ലോൺ എടുത്ത കർഷകർക്കെതിരെയുള്ള ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിന് പ്രഖ്യാപിച്ച മൊറട്ടോറിയം ദീർഘിപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കർഷകരുടെ ജപ്തി നടപടികൾ നിർത്തി വയ്ക്കുന്നതിനായി മോറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| **(ബി)** | മുൻസർക്കാർ പ്രഖ്യാപിച്ചിരുന്ന റൈസ് ബയോ പാർക്ക്, നാളികേര ബയോപാർക്ക്, അഗ്രി സൂപ്പർ മാളുകൾ തുടങ്ങിയവയിൽ ഏതെങ്കിലും നടപ്പിലായോ എന്ന് വ്യക്തമാക്കാമോ; കർഷകർക്ക് ഏറെ പ്രതീക്ഷ നൽകിയ ഹൈടെക് ഫാമിംഗ് എത്രമാത്രം വ്യാപിപ്പിക്കാൻ മുൻസർക്കാരിന് കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ; | **(ബി)** | നടപ്പിലാക്കിയിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് 521 പോളി ഹൗസുകളിലായി 29 ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിരുന്നെങ്കിലും പോളി ഹൗസിലെ കൃഷി രീതികൾ സംബന്ധിച്ച് കൃഷിക്കാർക്ക് വേണ്ട അവബോധവും പരിശീലനവും നൽകാതെ ആരംഭിച്ചതിനാൽ സർക്കാർ ഉദ്ദേശിച്ച നേട്ടം കൈവരിക്കുവാൻ കഴിഞ്ഞില്ല. |
| **(സി)** | പലിശ സബ്സിഡിയോടെ കുറഞ്ഞ പലിശനിരക്കിൽ കർഷകർക്ക് ഹ്രസ്വകാല, ദീർഘകാല വായ്പകൾ നൽകുമെന്ന് പ്രഖ്യാപിച്ച അഗ്രി കാർഡിന്റെ പ്രയോജനം എത്രപേർക്ക് ലഭിച്ചുവെന്ന് വിശദമാക്കാമോ? | **(സി)** | കഴിഞ്ഞ സർക്കാരിന്റെ അഗ്രി കാർഡ് വെറും പ്രഖ്യാപനത്തിൽ ഒതുങ്ങുകയായിരുന്നു. അഗ്രി കാർഡിന്റെ പ്രയോജനം ഒരു കർഷകർക്കും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ